പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:5977 08.07.2013-ൽ മറുപടിയ്ക്ക്

## ഡിജിറ്റൽ പേപ്പർ ടെസ്റ്റിംഗ് സംവിധാനം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.അൻവർ സാദത്ത്:**<br>**ശ്രീ.പി.എ.മാധവൻ:**<br>**ശ്രീ.വി.പി.സജീന്ദ്രൻ:**<br>**ശ്രീ.പി.സി.വിഷ്ണുനാഥ്:** | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്റ്റേഷനറി വകുപ്പിൽ ഡിജിറ്റൽ പേപ്പർ ടെസ്റ്റിംഗ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) സ്റ്റേഷനറി ആസ്ഥാന കാര്യാലയത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്ന പേപ്പർ ടെസ്റ്റിംഗ് ലാബിൽ ഉപയോഗിക്കുന്ന ഉപകരണങ്ങളിൽ പകുതിയോളം മെഷീനുകളും ഡിജിറ്റൽ മെഷീനുകളാണ്. |
| (ബി ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) വിവിധ ആവശ്യങ്ങൾക്കുവേണ്ടി നിർമ്മിക്കുന്ന ക്രാഫ്റ്റ് പേപ്പർ, ആർട്ട് പേപ്പർ, കോപ്പിയർ പേപ്പർ, ക്രീംവോവ് പേപ്പർ, പോസ്റ്റർ പേപ്പർ തുടങ്ങിയ വ്യത്യസ്തതരം പേപ്പറുകളുടെ ഗുണമേന്മ കണക്കാക്കുന്നതിന് ഭൗതികവും രാസീയവുമായ താഴെപ്പറയുന്ന പരിശോധന നടത്തുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം.<br>1. ഫിസിക്കൽ പ്രോപ്പർട്ടീസ്<br>2. സ്ട്രെങ്ത്ത് പ്രോപ്പർട്ടീസ്<br>3. ഓപ്റ്റിക്കൽ പ്രോപ്പർട്ടീസ്<br>4. പ്രിന്റിംഗ് പ്രോപ്പർട്ടീസ് |
| (സി) സ്റ്റേഷനറി വകുപ്പിന്റെ കാര്യക്ഷമതയ്ക്ക് ഈ സംവിധാനം എത്ര മാത്രം | (സി) യും (ഡി) യും<br>സ്റ്റേഷനറി വകുപ്പിൽ വാങ്ങുന്ന വിവിധ തരം പേപ്പറുകൾ കൂടാതെ പാഠപുസ്തക |

പ്രയോജനകരമാകും എന്നാണ് കരുതുന്നത് ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

അച്ചടിയ്ക്കുള്ള പേപ്പർ മറ്റുപരീക്ഷകൾക്കുള്ള പേപ്പറുകൾ, എൻട്രൻസ് കമ്മീഷൻ, വിജ്ഞാന കോശങ്ങൾ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന പേപ്പർ മാതൃകകൾ പരിശോധന നടത്തിവരുന്നുണ്ട്.

താഴെപ്പറയുന്ന ഡിജിറ്റൽ മെഷീനുകൾ പേപ്പർ ടെസ്റ്റിംഗ് ലാബിൽ സ്ഥാപിച്ചിട്ടുണ്ട്.

1. ടെൻസൈൽ ടെസ്റ്റർ
2. ടിയർ ടെസ്റ്റർ
3. ബ്രൈറ്റ്നസ് ,ഒപ്പാസിറ്റി, കളർ
4. സ്മൂത്ത്നസ്സ്, പോറോസിറ്റി

ബി.ഐ.എസ്. നിലവാരമുള്ള ടെസ്റ്റുകൾ നടത്താൻ കഴിയുന്ന ഉപകരണങ്ങളാണ് ഇപ്പോൾ സ്ഥാപിച്ചിട്ടുള്ളത്. സ്റ്റേഷനറി വകുപ്പിൽ നിന്നും വിതരണം ചെയ്യുന്ന പേപ്പർ ഉത്പന്നങ്ങളുടെ നിലവാരം ഉറപ്പാക്കാനും അതുവഴി സർക്കാർ ഓഫീസുകളിലും ഗവൺമെന്റ് പ്രസ്സിലും ഗുണമേന്മയുള്ള പേപ്പർ ലഭ്യമാക്കിവരികയും ചെയ്യുന്നു.

Anupa Kumari

സെക്ഷൻ ഓഫീസർ